# ഭദ്രദീപ

## ഭദ്രാവതി രൂപതാബുള്ളറ്റിൻ

Vol. 15, No. 1 April, 2022

Edited & Published by Fr. Sajeesh Mathew Thrikkodanmalil
Bodhana Pastoral Centre, P. B. No. 26,
Bhadravathi-577301, Karnataka
Ph. +91 0818 2295643, +91 9483901010
Email; curiae@bhadravathidiocese.org
Website; www.bhadravathidiocese.org

Printed at : Matha Printers, Bangalore
9886809060

*for private circulation only*

## ഉള്ളടക്കം

സർക്കുലർ ....................................................................5

സർക്കുലർ ....................................................................9

സർക്കുലർ .................................................................... 18

Pope peace prayer for Ukraine ..........................................24

Circular ..................................................................... 25

രൂപതാകച്ചേരി വാർത്തകൾ............................................ 26

മതബോധന – ബൈബിൾ കമ്മീഷൻ ................................ 32

യുവജന പ്രേഷിതത്വം................................................... 35

വൊക്കേഷൻ ബ്യൂറോ .................................................. 36

ചെറുപുഷ്പ മിഷൻലീഗ് ................................................ 37

മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ..................... 38

സീറോ മലബാർ മാതൃവേദി ........................................ 40

Diocese of Bhadravathi, Annual Plan -2022 ..................... 43

Bishop’s Diary ............................................................ 52

Bishop’s Programme .................................................... 55

Kannada Section .......................................................... 56

Circular 1325/2021

# സർക്കുലർ

*സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ ജോർജ്ജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന സർക്കുലർ.*

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

എ.ഡി. 72 ൽ മൈലാപ്പൂരിൽ രക്തസാക്ഷിത്വം വരിച്ച മാർ തോമാശ്ലീഹായുടെ പ്രേഷിത പ്രവർത്തനത്തിലൂടെയാണല്ലോ ഭാരതത്തിൽ ക്രൈസ്തവരുടെ സമൂഹം ആദ്യമായി രൂപം കൊണ്ടത്. 2022–ാമാണ്ടിൽ മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികം നാം ആചരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ഈ വർഷത്തെ നമ്മുടെ പ്രേഷിതവാരാചരണത്തിനു കൂടുതൽ പ്രാധാന്യം കൈവരുന്നു. ജനുവരി ആറാം തിയതി ദനഹാതിരുന്നാൾ മുതൽ പന്ത്രണ്ടാം തീയതി വരെയാണ് ഈ വർഷം മിഷൻവാരം ആചരിക്കുന്നത് 'മിഷനെ അറിയുക, മിഷനറിയാകുക' എന്നതാണ് പ്രേഷിതവാരാചരണത്തിന്റെ ആപ്തവാക്യം. പ്രേഷിതവാരാചരണം നമ്മുടെ പിതാവായ മാർതോമാശ്ലീഹായെ കൂടുതൽ അറിയുന്നതിനും ശ്ലീഹായുടെ പ്രേഷിതതീക്ഷ്ണതയിൽ നിന്നു പ്രചോദനമുൾക്കൊള്ളുന്നതിനുമുള്ള പ്രത്യേക അവസരമായി നമുക്കു പരിഗണിക്കാം.

ചരിത്രത്തിലെ ഈശോയോടൊപ്പം സഞ്ചരിക്കുകയും ജീവിക്കുകയും ചെയ്ത തോമാശ്ലീഹാ താൻ അനുഭവിച്ചറിഞ്ഞ രക്ഷകനെ മാർ വാലാഹ് – എന്റെ കർത്താവേ, എന്റെ ദൈവമേ! (യോഹ. 20:28) എന്ന് ഏറ്റുപറയുകയും മരണംവരെ പ്രഘോഷിക്കുകയും ചെയ്തു. എതിർപ്പുകൾ നേരിടേണ്ടിവന്നപ്പോൾ തോമാശ്ലീഹാ തന്റെ ദൗത്യം ഉപേക്ഷിക്കുകയോ സുരക്ഷിതസങ്കേതത്തിലേയ്ക്കു പിന്മാറുകയോ ചെയ്തില്ല. മറിച്ച് പ്രതിബന്ധങ്ങളെ അതിജീവിച്ച് ക്രൈസ്തവസമൂഹങ്ങൾ സ്ഥാപിച്ചു

കൊണ്ടു തന്റെ പ്രേഷിതദൗത്യത്തിൽ മുന്നേറി. തോമാശ്ലീഹാ രൂപീക രിച്ച ക്രൈസ്തവസമൂഹങ്ങളും അദ്ദേഹത്തിന്റെ പ്രേഷിതദർശനങ്ങൾ സ്വാംശീകരിക്കുകയും പ്രതിബന്ധങ്ങളെ അതിജീവിച്ചു സുവിശേഷത്തി ന് സാക്ഷ്യംവഹിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ സഭയിലെ ധാരാളം പ്രേഷിതർ ലോകമെമ്പാടുമുള്ള പ്രേഷിതപ്രവർത്തനങ്ങളിൽ ഇന്നും സജീ വസാന്നിദ്ധ്യമാണ്. തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ട ആ തീക്ഷ്ണത ഇന്നും നിലനില്ക്കുന്നു എന്നതിന്റെ തെളിവാണത്. പീഡനങ്ങളെയും അവഗണനകളെയും പ്രതിലോമശക്തികളെയും അതിജീവിച്ചു സുവി ശേഷം ജീവിക്കുകയും വിശ്വസ്തയോടെ സാക്ഷ്യപ്പെടുത്തുകയും ചെ യ്യുമ്പോൾ, സഭ എല്ലാക്കാലങ്ങളിലും ഫലം കായ്ക്കുന്ന അത്തിവൃക്ഷ മായിത്തീരും (മർക്കോ. 11: 12–14, 2 തിമോ. 4: 2).

മാർ തോമ്മാ ക്രിസ്ത്യാനികൾ ഭാരത സംസ്ക്കാരത്തിന്റെ ഭാഗമായി തുടരുന്നതിനുള്ള പ്രധാനകാരണം തോമാശ്ലീഹാ സുവിശേഷം ഈ സമൂ ഹത്തിൽ അടിച്ചേല്പ്പിക്കാതെ ഇവിടത്തെ സംസ്ക്കാരത്തിലേക്ക് അനുരൂ പണം ചെയ്ത് അത് അവതരിപ്പിച്ചു എന്നതാണ്. ഏതൊരു സംസ്കാരവും ഭാഷയും മറ്റൊരിടത്തേക്ക് പറിച്ചുനട്ടാൽ ആ സംസ്കാരത്തിൽ മതിലു കൾ സൃഷ്ടിക്കപ്പെടും. തങ്ങളുടെ ദൗത്യം ഫലപ്രദമാക്കാൻ തങ്ങൾ ആയി രിക്കുന്ന പ്രേഷിതമേഖലകളിലെ സംസ്ക്കാരത്തോടും ഭാഷയോടും മിഷ നറിമാർ പൊരുത്തപ്പെടേണ്ടത് അനിവാര്യമാണ്.

സുവിശേഷം അറിഞ്ഞവരെ പരിപാലിക്കുക എന്നതു മാത്രമായി സഭയുടെ അജപാലന പ്രവർത്തനങ്ങളെ പരിമിതപ്പെടുത്താൻ കഴിയില്ല. ഒരു സഭാസമൂഹത്തിന്റെ പക്വതയുടെ വ്യക്തമായ അടയാളമാണു മി ഷനറി പ്രവർത്തനങ്ങൾ (വെർബും ദോമിനി, 95). ദൈവവചനം പ്രത്യ ക്ഷമായി പ്രഘോഷിക്കേണ്ട ഒന്നാണ്. പീഡനത്തിന്റെ അപകടസാധ്യതക ളിൽപോലും വചനം പ്രഘോഷിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗങ്ങൾ നിരന്തരം അന്വേഷിച്ചുകൊണ്ട് ഓരോ വ്യക്തിയെയും ആത്മാ വിന്റെ ശക്തിയിൽ കണ്ടുമുട്ടാൻ സഭ പുറപ്പെടണം (1 കോറി. 2:5). രക്ഷയുടെ വചനം ഓരോ വ്യക്തിയോടും പ്രഘോഷിക്കാൻ സഭ കട പ്പെട്ടിരിക്കുന്നു. (റോമ. 1:14). തോമാശ്ലീഹാ ഒരിക്കലും മരണത്തെ ഭയ

പ്പെട്ടിരുന്നില്ല. അതുപോലെ ഒരു യഥാർത്ഥ മിഷനറി പീഡനങ്ങളെയോ മരണത്തെയോ ഭയപ്പെടേണ്ടതില്ല. ഇന്നിന്റെ പ്രതിസന്ധികളൽ പ്രചോദനമാകേണ്ടത് തോമാശ്ലീഹായുടെ ഈ ധൈര്യവും പ്രേഷിത തീക്ഷ്ണതയുമാണ്. ഫ്രാൻസിസ് മാർപാപ്പാ 2021 ലെ ലോക മിഷൻ ഞായർ സന്ദേശത്തിൽ, ആദിമ ക്രൈസ്തവർ ആ കാലഘട്ടത്തിൽ അവർക്കുണ്ടായിരുന്ന ഭയത്തിനും അടച്ചുപൂട്ടി കഴിയാനുണ്ടായിരുന്ന പ്രലോഭനത്തിനും കീഴടങ്ങാതെ, കർത്താവിലേക്കും അവിടന്നു നല്കിയ 'പുതുജീവിതത്തിലേയ്ക്കും' ആകർഷിക്കപ്പെട്ടതിനെക്കുറിച്ചു പരാമർശിക്കുന്നണ്ട്. ജനങ്ങൾക്കിടയിലേക്കു നിസ്വാർത്ഥ സ്നേഹത്തോടെയും സേവന മനോഭാവത്തോടെയും കർത്താവിന്റെ നാമത്തിൽ ഇറങ്ങിചെല്ലുകയും തങ്ങൾ കാണുകയും കേൾക്കുകയും ചെയ്ത 'ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നു' (അപ്പ. 4:20) എന്ന യാഥാർത്ഥ്യത്തിനു സാക്ഷ്യം വഹിക്കുകയും ചെയ്യുക  എന്നതായിരുന്നു അവരുടെ പുതുജീവിതം. ഇതുതന്നെയാണ് ഈ കാലഘട്ടത്തിലും സുവിശേഷ പ്രഘോഷണത്തൽ നാം സ്വായത്തമാക്കേണ്ട മനോഭാവം.

സീറോമലബാർ സഭയ്ക്കു സുവിശേഷ പ്രഘോഷണത്തിനും അജപാലന ശുശ്രൂഷയ്ക്കുമുള്ള സാധ്യത ഫ്രാൻസിസ് മാർപാപ്പ ഭാരതം മുഴുവനിലേയ്ക്കും വ്യാപിപ്പിച്ചു നൽകിയിരിക്കുന്ന സാഹചര്യത്തിൽ അപ്പസ്തോലനായ തോമാശ്ലീഹായുടെ പ്രേഷിത പ്രവർത്തനശൈലി പിന്തുടർന്നു കൊണ്ടു ക്രൈസ്തവ സമൂഹങ്ങൾ രൂപീകരിക്കാൻ നമുക്കു പ്രത്യേക കടമയുണ്ട്. തോമാശ്ലീഹായുടെ പ്രേഷിത തീക്ഷ്ണത എല്ലാ വിശ്വാസികളും സ്വന്തമാക്കണം. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ എല്ലാ ഇടവകകളും പരസ്പരം സഹകരിക്കണം. മിഷൻമേഖലകളിൽ ശുശ്രൂഷ ചെയ്യാൻ വൈദികരും സന്യസ്തരും അല്മായ പ്രേഷിതരും കൂടുതലായി മുന്നോട്ടു വരികയും അവർക്കായി പരിശീലന പരിപാടി രൂപകല്പ്പന ചെയ്യുകയും ചെയ്യേണ്ടത് ഇന്നിന്റെ ആവശ്യകതയാണ്.

പ്രേഷിതാവബോധവും സഭയുടെ ശുശ്രൂഷകളിലെ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുന്നതിനു സാമൂഹ്യ മാധ്യമങ്ങളുടെ സാധ്യതകൾ

പ്രയോജനപ്പെടുത്തണം. സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ വ്യാപിപ്പിക്കുന്നതിനുള്ള കർമപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ രൂപീകൃതമായിരിക്കുന്ന കമ്മീഷൻ ഫോർ ഇവാഞ്ചലൈസേഷനും സീറോ മലബാർ മിഷൻ ഓഫീസും സഭാകാര്യാലയത്തിൽ പ്രവർത്തിക്കുന്നു. പ്രേഷിതാവബോധം സഭാമക്കളിൽ പകരണമെന്ന ഉദ്ദേശ്യത്തോടെ സീറോ മലബാർ മിഷനും മതബോധന കമ്മീഷനും സംയുക്തമായി നടത്തുന്ന 2022 ജനുവരി ഒൻപതാം തീയതിയിലെ ഓൺലൈൻ മിഷൻ ക്വിസ് പരിപാടിയിൽ സാധിക്കുന്നവരെല്ലാം പങ്കെടുക്കണം.

സഭയുടെ പ്രേഷിതപ്രവർത്തനം ഇപ്പോഴത്തെ മഹാമാരി സൃഷ്ടിച്ച പ്രതിസന്ധികളിലും സജീവമായി മുന്നോട്ടു പോകുന്നതിന്റെ പ്രധാന കാരണം മിഷനറിമാരായി പ്രവർത്തിക്കുന്ന വൈദികരുടെയും സമർപ്പിതരുടെയും അല്മായപ്രേഷിതരുടെയും വർദ്ധിച്ച തീക്ഷ്ണത തന്നെയാണ്. സുവിശേഷവത്ക്കരണത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ നമുക്കു പ്രാർത്ഥനയിൽ സ്മരിക്കുകയും സാധ്യമായ സഹകരണത്തിലൂടെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. അയയ്ക്കപ്പെടാൻ ഒരുക്കപ്പെട്ടിരുന്നശ്ലീഹന്മാരുടെ മനോഗതമറിഞ്ഞ് സെഹിയോൻശാലയിൽ അവരെ ശക്തിപ്പെടുത്തിയ പരിശുദ്ധ അമ്മ പ്രേഷിതപ്രവർത്തനങ്ങളിൽ മുന്നേറാൻ നമുക്കായി മാധ്യസ്ഥ്യം വഹിക്കട്ടെ. നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മാധ്യസ്ഥ്യം പ്രേഷിതസംരംഭങ്ങളിൽ നമുക്കു ശക്തി നൽകട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2021–ാം ആണ്ട് മാസം ഡിസംബർ 18–ാം തീയതി നൽകപ്പെട്ടത്.



**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

Circular 0041/2022

# സിനഡ് അനന്തര സർക്കുലർ

*സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ ജോർജ്ജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്ന*

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർ സഭയുടെ മുപ്പതാമത് സിനഡിന്റെ ആദ്യസമ്മേളനം 2022 ജനുവരി 7 മുതൽ15 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്ന വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. കോവിഡ് പ്രതിസന്ധികൾമൂലം രണ്ടുവർഷമായി ഓൺലൈനിൽ മാത്രം സാധ്യമായിരുന്ന സിനഡു സമ്മേളനം നേരിട്ടു നടത്താൻ അവസരമൊരുക്കിയ ദൈവപരിപാലനയ്ക്ക് ഹൃദയപൂർവ്വം നന്ദി പറയുന്നു. പ്രതിസന്ധികൾക്കു നടുവിലും സഭാ നൗകയെ ശാന്തമായി മുന്നോട്ടു നയിക്കുന്ന കർത്താവിന്റെ കരുണയ്ക്കു മുമ്പിൽ പ്രാർത്ഥനാപൂർവ്വം കൃതജ്ഞതയർപ്പിച്ചുകൊണ്ടാണ് പിതാക്കന്മാർ സിനഡു സമ്മേളനത്തിലേക്ക് പ്രവേശിച്ചത്. പ്രാർത്ഥനയും പരിത്യാഗവും വഴി സിനഡിന്റെ വിജയത്തിനുവേണ്ടി പരിശ്രമിച്ച എല്ലാ വിശ്വാസികളോടും സിനഡുപിതാക്കന്മാർക്കുള്ള നന്ദി സ്നേഹപൂർവ്വം അറിയിക്കുന്നു. സാർവ്വത്രിക സഭയൊന്നാകെ കൂട്ടായ്മയുടെയും പങ്കാളിത്തത്തിന്റെയും പ്രേഷിത ദൗത്യത്തിന്റെയും പ്രാധാന്യത്തെക്കുറിച്ചു പഠനം നടത്തി 2023–ലെ സിനഡിനുവേണ്ടി ഒരുങ്ങുകയാണല്ലോ. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെ ചിന്തകളെ ആധാരമാക്കിയാണ് നമ്മുടെ സിനഡിലെ ചർച്ചകളും പുരോഗമിച്ചത്.

**മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ1950–ാം വാർഷികം**

നമ്മുടെ പിതാവും ഭാരതത്തിന്റെ അപ്പസ്തോലനുമായ മാർത്തോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികം ഈ വർഷം

നാം ആചരിക്കുകയാണല്ലോ. 2022 ജൂലൈ 3–ാം തിയതിയിലെ ദുക്റാന തിരുനാളിനോട് അനുബന്ധിച്ച് ഈ വാർഷികം സമുചിതമായി കൊണ്ടാടാൻ സിനഡ് എല്ലാ വിശ്വാസികളെയും ആഹ്വാനം ചെയ്യുന്നു. മാർത്തോമ്മാശ്ലീഹായിൽ നിന്നു ലഭിച്ച വിശ്വാസ ചൈതന്യമാണ് നമ്മുടെ സഭയുടെ കരുത്ത്. 1923–ൽ സീറോ മലബാർ ഹയരാർക്കി സ്ഥാപിതമായതിന്റെ നൂറാം വർഷത്തിലേക്കു നാം പ്രവേശിക്കുകയുമാണ്. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് ഇരുപതുനൂറ്റാണ്ടുകളായി ഈ ശ്ലൈഹിക പാരമ്പര്യം അനുസ്യൂതം തുടരാൻ അനുഗ്രഹം തന്ന ദൈവത്തിനു നമുക്കു നന്ദി പറയാം. ഭാരതത്തിലെ ക്രൈസ്തവവിശ്വാസികളും അവരുടെ സ്ഥാപനങ്ങളും ഏറ്റവുമധികം അക്രമങ്ങൾക്ക് ഇരയായ വർഷംകൂടിയാണിത്. സത്യവിശ്വാസത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായെപ്പോലെ വിശ്വാസത്തിനുവേണ്ടി പീഡനങ്ങൾ സഹിക്കുന്ന എല്ലാ ദൈവമക്കളെയും സിനഡു പിതാക്കന്മാർ പ്രാർത്ഥനാപൂർവ്വം ഓർമിക്കുന്നു. ക്രൈസ്തവർക്കെതിരേ വർദ്ധിച്ചു വരുന്ന അതിക്രമങ്ങൾ അവസാനിപ്പിക്കാൻ ബന്ധപ്പെട്ട അധികാരികളുടെ സത്വരമായ ഇടപെടൽ ഉണ്ടാകണമെന്നു സിനഡ് ആവശ്യപ്പെടുന്നു.

## രക്തസാക്ഷി വാഴ്ത്തപ്പെട്ട ദേവസഹായംപിള്ള

ഭാരതത്തിൽ നിന്നുള്ള ആദ്യ രക്തസാക്ഷിയായ വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ 2022 മെയ് 15–ന് വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തുകയാണ്.

പ്രതിസന്ധിഘട്ടങ്ങളിൽ വിശ്വാസവഴികളിൽ പതറാതെ സാക്ഷ്യം നല്കുന്നതിനുള്ള സജീവ മാതൃക ഈ പുണ്യാത്മാവ്. ഒരു വിശുദ്ധനെക്കൂടി നല്കി ഭാരത സഭയെ അനുഗ്രഹിക്കുന്ന ദൈവത്തിന്റെ കരുണയെ നമുക്കു വാഴ്ത്താം.

## പ്രേഷിത പ്രവർത്തനം

മാർത്തോമ്മാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികം സഭയുടെ പ്രേഷിത–ചൈതന്യത്തെ ശക്തിപ്പെടുത്താനുള്ള സുവർണ്ണാ

വസരമാണ്. സ്വഭാവത്താൽ തന്നെ മിഷനറിയായ സഭയുടെ പ്രഥമ വും പ്രധാനവുമായ ദൗത്യം ഈശോയിലൂടെ കരഗതമായ രക്ഷയുടെ സന്ദേശം സകല മനുഷ്യരെയും അറിയിക്കുക എന്നതാണ്. പ്രതികൂല സാഹചര്യങ്ങളിലും ജീവൻ പണയപ്പെടുത്തി മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്ന നമ്മുടെ മിഷനറിമാർ സഭയുടെ അഭിമാനമാണ്. അവരി ലൂടെയാണ് രക്ഷയുടെ സന്ദേശം ലോകത്തിന്റെ അതിരുകളോളം പരി ശുദ്ധാത്മാവ് എത്തിക്കുന്നത്. അതിനാൽ സെമിനാരി പരിശീലനത്തിന്റെ ആരംഭം മുതൽ പ്രേഷിതാഭിമുഖ്യം വളർത്താനുള്ള കർമപദ്ധതികൾ ആവിഷ്കരിക്കുന്നതാണ്. ഹിന്ദി നമ്മുടെ സെമിനാരികളിൽ ഇനിമേൽ അനിവാര്യമായ പഠനവിഷയമായിരിക്കും. ഈശോ ഏകരക്ഷകനാണ് എന്ന സത്യത്തിന്റെ പ്രഘോഷണവും ജീവിതസാക്ഷ്യവുമാണു പ്രേഷിത പ്രവർത്തനം. പ്രേഷിതമേഖലയിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന വിവിധ അല്മായ പ്രസ്ഥാനങ്ങളെ സഭ ആദരവോടെ വീക്ഷിക്കുന്നു. അ വരുടെ പ്രവർത്തനങ്ങൾക്ക് സഭയുടെ മുഴുവൻ പിന്തുണയും വാഗ്ദാ നം ചെയ്യുകയാണ്.

ഇതര മതവിശ്വാസികളുമായി ഹൃദയൈക്യത്തിൽ കഴിയുന്നതും സാഹോദര്യത്തിന്റെ സ്നേഹ സമൂഹം സൃഷ്ടിക്കുന്നതും ഫലപ്രദമാ യ പ്രേഷിതപ്രവർത്തനമായാണ് സഭ വിലയിരുത്തുന്നത്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന വർഗീയതയുടെ അന്ധകാരത്തെ അകറ്റാൻ എല്ലാ മനുഷ്യരും ദൈവപിതാവിന്റെ മക്കളാകയാൽ നാമെല്ലാം സഹോദര ങ്ങളാണ് എന്ന സുവിശേഷ സത്യമാണ് നിരന്തരം പ്രഘോഷിക്കേണ്ടത്. ലോകം നേരിടുന്ന എല്ലാ പ്രതിസന്ധികൾക്കുമുള്ള ഉത്തരം ഈശോയു ടെ സുവിശേഷമാണെന്ന ബോധ്യമാണു നമ്മുടെ പ്രേഷിത ചൈതന്യ ത്തിന്റെ അടിസ്ഥാനം. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി അധ്വാനിക്കുമ്പോഴും വിദ്യാഭ്യാസ, ആതുരസേവ ന, ജീവകാരുണ്യ മേഖലകളിൽ കർമ നിരതരാകുമ്പോഴും സഭയെ നയിക്കുന്നത് സുവിശേഷത്തോടുള്ള പ്രതിബദ്ധതയാണ്. മാമ്മോദീ സാ സ്വീകരിച്ച എല്ലാവർക്കും പ്രേഷിതരാകാനുള്ള കടമയുണ്ട് എന്ന ബോധ്യത്തോടെ നമുക്കു സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സജീവ പങ്കാളികളാകാം.

## കോവിഡ് പ്രതിസന്ധി

കഴിഞ്ഞ രണ്ടു വർഷങ്ങളായി ആ ഗോളതലത്തിൽ കോവിഡ് മഹാമാരി വിതച്ച ദുരന്തഫലങ്ങളെ നാം നേരിടുകയാണല്ലോ. ഒമിക്രോൺ വകഭേദത്തിന്റെ ഭീഷണിയായി കോവിഡ് വീണ്ടും രംഗപ്രവേശം ചെയ്തിരിക്കുകയാണ്. ദൈവപരിപാലനയിൽ അടിയുറച്ചു വിശ്വസിച്ചും സർക്കാർ ഏജൻസികൾ നല്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചും പ്രതിസന്ധിയുടെ ഈ കാലഘട്ടത്തെ നാം അതിജീവിക്കണം. കോവിഡ് കാലത്ത് വിശ്വാസാനുഷ്ഠാനങ്ങൾ ഓൺലൈനിലായി പരിമിതപ്പെട്ട സാഹചര്യം നമുക്കുണ്ടായിരുന്നു. പ്രതിസന്ധിഘട്ടം തരണം ചെയ്യുന്നതിനനുസരിച്ച്, കൂദാശാകർമങ്ങളിൽ നേരിട്ടു പങ്കുചേരുന്ന പതിവു ശൈലിയിലേക്കു നാം തിരിച്ചു വരണം. കോവിഡ് മഹാമാരി മൂലം പ്രതിസന്ധിയിലകപ്പെട്ട നമ്മുടെ സഹോദരങ്ങളെ സഹായിക്കാൻ നാം പ്രത്യേകം ശ്രദ്ധിക്കണം. കോവിഡ് മൂലം ആരുടെയും ജീവിതം വഴിമുട്ടാതിരിക്കാൻ ഇടവകകളിൽ അജപാലകർ പ്രത്യേകം ശ്രദ്ധ വയ്ക്കണം. വിശ്വാസവും സ്നേഹവും പ്രത്യാശയും വഴി നമുക്ക് മഹാമാരിയുടെ ഈ നാളുകളെ അതിജീവിക്കാം.

## കസ്തൂരിരംഗൻ റിപ്പോർട്ടും കർഷകരുടെ ആശങ്കയും

മലയോര മേഖലയിലെ കർഷകരെ വർഷങ്ങളായി ആശങ്കയുടെ മുൾമുനയിൽ നിർത്തുന്ന കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സത്വര ശ്രദ്ധ പതിയണമെന്ന് സിനഡ് ബന്ധപ്പെട്ടവരോട് അഭ്യർത്ഥിക്കുയാണ്. പരിസ്ഥിതിയെ ഏറ്റവും കരുതലോടെ സംരക്ഷിക്കുന്ന മലയോര കർഷകർക്കെതിരായ മുൻവിധിയോടെയാണ് പല പഠന റിപ്പോർട്ടുകളും പുറത്തുവരുന്നത് എന്നതു ദുഃഖകരമാണ്. പരിസ്ഥിതി സംരക്ഷണത്തെ സഭ എക്കാലവും സുവിശേഷമൂല്യമായിട്ടാണു കരുതിയിട്ടുള്ളത്. കർഷകരുടെ ആശങ്കകൾ പരിഹരിക്കാനാവശ്യമായ വിശദമായ പഠന റിപ്പോർട്ടും നിർദ്ദേശങ്ങളുമായി ബഹു. കേന്ദ്ര വനം പരിസ്ഥിതി മന്ത്രിയെയും ബഹു. കേരളാ മുഖ്യമന്ത്രിയെയും കേരളത്തിലെ പിതാക്കൻമാരും മറ്റു വിദഗ്ധരുമടങ്ങിയ സമിതി സന്ദർശിച്ച് ചർച്ചകൾ നടത്തിയിരുന്നു. സംരക്ഷിതവനങ്ങളും ലോക

പൈതൃക കേന്ദ്രങ്ങളും മാത്രം പരിസ്ഥിതി സംവേദക പ്രദേശമായി (ESA-) പ്രഖ്യാപിക്കുക, കർഷകന്റെ ഉപജീവന മാർഗ്ഗമായ കൃഷിഭൂമിയോ, ചതുരശ്രകിലോമീറ്ററിൽ 100 ആളുകളിൽ കൂടുതൽ അധിവസിക്കുന്ന ഭൂപ്രദേശങ്ങളോ ESA പരിധിയിൽ ഉൾപ്പെടുത്താതിരിക്കുക എന്നിവയാണു കർഷകരുടെ മുഖ്യ ആവശ്യങ്ങൾ. കേരള സർക്കാർ 2018–ൽ സമർപ്പിച്ച പരിസ്ഥിതി സംവേദക പ്രദേശങ്ങളുടെ പട്ടിക അശാസ്ത്രീയവും കർഷക വിരുദ്ധവുമാണ്. അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് കേന്ദ്രസർക്കാർ ആറുമാസം കൂടി സാവകാശം നൽകിയിട്ടുള്ളതിനാൽ കേരള സർക്കാർ കർഷകരുമായി കൂടിയാലോചിച്ച് പരിസ്ഥിതി സംവേദക പ്രദേശങ്ങളുടെ പരിഷ്കരിച്ച മാപ്പ് എത്രയും വേഗത്തിൽ തയ്യാറാക്കി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിക്കണം.

### ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ

പൊതുവേ സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും മുൻനിരയിലുള്ള ഒരു സമൂഹമായിട്ടാണ് കേരളത്തിലെ സീറോ മലബാർ സമൂഹം കരുതപ്പെട്ടിരുന്നത്. എന്നാൽ ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നാം നടത്തിയ ശാസ്ത്രീയ പഠനങ്ങളും സ്ഥിതിവിവരകണക്കുകളും നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. നമ്മുടെ സമുദായത്തിന്റെ അംഗസംഖ്യ ക്രമാതീതമായി കുറഞ്ഞുവരുന്നു എന്നത് ആശങ്കാജനകമാണ്. മുൻനിരയിലുണ്ടായിരുന്ന എല്ലാകാര്യങ്ങളിലും നാം പിന്നാക്കം പോയിരിക്കുകയാണ്. നമ്മുടെ സമുദായത്തിലെ നല്ലൊരു ശതമാനം ആളുകളും പരിമിതമായ സൗകര്യങ്ങളുള്ള ഭവനങ്ങളിലാണ് വസിക്കുന്നത്. 40 ശതമാനത്തിലേറെ കുടുംബങ്ങൾക്ക് 10 സെന്റിൽ താഴെ ഭൂമി മാത്രമാണുള്ളത്. ശേഷിക്കുന്നവരിൽ 30 ശതമാനത്തിനും 50 സെന്റിൽ താഴെ മാത്രം ഭൂമിയാണുള്ളത്. നമ്മുടെ സമുദായത്തിലെ 34 ശതമാനം കുടുംബങ്ങളും ഇതര സമുദായങ്ങളോട് ചേർന്ന് വനാതിർത്തി പങ്കിടുന്നവരോ വന്യമൃഗശല്യം അനുഭവിക്കുന്നവരോ ആണ്. കാർഷിക മേഖലയിൽ തുടർച്ചയായുണ്ടായ തകർച്ച നമ്മുടെ സമുദായത്തിന്റെ സാമ്പത്തിക സ്ഥിതിയെ പരിതാപകരമാക്കി. സർക്കാർ ജോലികളിലുള്ള നമ്മുടെ സമുദായ

ത്തിന്റെ പ്രാതിനിധ്യവും വളരെ പരിമിതമാണ്. നമ്മുടെ സമുദായത്തിലെ 45 ശതമാനത്തിലേറെ കുടുംബങ്ങൾ കടക്കെണിയിലാണ്. കേരളത്തിൽ തൊഴിലില്ലായ്മ ഏറ്റവും കൂടിയ സമുദായമായി നാം മാറിക്കൊണ്ടിരിക്കുന്നു. കേരളത്തിനു വെളിയിലുള്ള രൂപതകളിൽ ഇത്തരം ശാസ്ത്രീയ സർവേകൾ നടത്താനാ ഗ്രഹിക്കുന്നവർക്ക് അതിനുള്ള സൗകര്യങ്ങൾ സഭാതലത്തിൽ നല്കുന്നതാണ്.

സമുദായത്തിന്റെ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഗണിച്ചുകൊണ്ടുള്ള സത്വരമായ ഇടപെടലുകൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. എല്ലാരംഗങ്ങളിലും പിന്നാക്കം പോയിരിക്കുന്ന നമ്മുടെ സമുദായത്തെ മുഖ്യധാരയിലേക്കുതിരിച്ചു കൊണ്ടുവരാനുള്ള കർമപദ്ധതികൾ ഇടവക, രൂപത അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതാണ്. ഇതിനാവശ്യമായ കർമ പദ്ധതികൾ വിദഗ്ധരുമായി കൂടിയാലോചിച്ച് ആവിഷ്കരിക്കാൻ സഭയുടെ പൊതുകാര്യങ്ങൾക്കായുള്ള സമിതിയെ (Public Affairs Commission) ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം

2021 ആഗസ്റ്റ് മാസത്തിൽ ചേർന്ന സീറോ മലബാർ സഭയുടെ സിനഡ്, പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുടെയും പൗരസ്ത്യ സഭകൾക്കായുള്ള കാര്യാലയത്തിന്റെയും നിർദ്ദേശാനുസരണം ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം സഭയിലൊന്നാകെ നടപ്പിലാക്കാൻ തീരുമാനിച്ചിരുന്നു. 2021 നവംബർ 28 മംഗളവാർത്താക്കാലത്തിലെ ആദ്യ ഞായറാഴ്ച മുതൽ നടപ്പിലാക്കാൻ എടുത്ത ഈ തീരുമാനം സഭയിലെ 35 രൂപതകളിൽ 34 എണ്ണത്തിലും ഇതിനോടകം പൊതുവേ നടപ്പിലായി എന്നത് ഏറെ സന്തോഷകരമാണ്. സഭയെ ഒന്നാകെ കൂട്ടായ്മയിലേക്കു നയിക്കുന്ന ദൈവത്തിന്റെ അനന്ത കാരുണ്യത്തിന് നമുക്ക് നന്ദി പറയാം. വർഷങ്ങളായി ശീലിച്ചുപോന്ന വിശുദ്ധ കുർബാനയർപ്പണരീതിയിൽ മാറ്റം വരുത്താൻ വ്യക്തിപരമായ ബുദ്ധിമുട്ടുകൾ പലതുമുണ്ടായിട്ടും സഭയുടെ പൊതുനന്മയെയും കൂട്ടായ്മയെയും ലക്ഷ്യമാക്കി ആത്മാർത്ഥമാ

യി സഹകരിച്ച എല്ലാ വൈദികരെയും സന്യസ്തരെയും വിശ്വാസികളെയും സിനഡു പിതാക്കന്മാർ ഏറെ നന്ദിയോടെ അനുസ്മരിക്കുന്നു

എറണാകുളം–അങ്കമാലി അതിരൂപതയിൽ വർഷങ്ങളായി തുടർന്നു പോരുന്ന ജനാഭിമുഖ കുർബാനയർപ്പണ രീതിയി. മാറ്റം വരുത്താനുള്ള വൈമുഖ്യം സഭയുടെ അച്ചടക്കത്തിനു നിരക്കാത്ത രീതികളിലൂടെ പല വേദികളിലും അതിരൂപതയുടെ ചില പ്രതിനിധികൾ പ്രകടമാക്കുന്നതിൽ സിനഡു പിതാക്കന്മാർക്കു ദുഃഖമുണ്ട്. സഭയുടെ കൂട്ടായ്മയെയും പൊതുനന്മയെയും കരുതി അനുരഞ്ജനത്തിന്റെ പാത സ്വീകരിച്ച മറ്റു രൂപതകളുടെ മാതൃകയാണ് അനുകരണാർഹമായിട്ടുള്ളത്. ഏകീകൃത രീതിയിലുള്ള ബലിയർപ്പണം എന്ന സിനഡു തീരുമാനത്തിൽ നിന്ന് കാനൻ 1538 പ്രകാരമുള്ള ഒഴിവ് ആവശ്യപ്പെട്ടുകൊണ്ട് ശ്ലൈഹിക സിംഹാസനത്തെ എറണാകുളം–അങ്കമാലി അതിരൂപതയിലെ മേജർ ആർച്ചുബിഷപ്പിന്റെ മെത്രാപ്പോലീത്തൻ വികാരിയുടെ നേതൃത്വത്തിലുള്ള സംഘം സമീപിച്ചിരുന്നു. പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിൽ നിന്നും ലഭിച്ച കത്തിന്റെ വെളിച്ചത്തിൽ, അതിരൂപതയ്ക്കു മുഴുവനുമായി മെത്രാപ്പോലീത്തൻ വികാരി കാനൻ 1538 പ്രകാരം 2021 നവംബർ 27–ന് നല്കിയ ഒഴിവ് കാനോനികമായി നിലനിൽക്കുകയില്ലെന്നും അതിനാൽ പ്രസ്തുത നടപടി തിരുത്തണമെന്നും പൗരസ്ത്യസഭകൾക്കായുള്ള കാര്യാലയത്തിന്റെ പ്രീഫക്ട് കർദിനാൾ ലെയനാർദോ സാന്ദ്രി 2021 ഡിസംബർ 7–നും 2022 ജനുവരി 7–നും നൽകിയ കത്തുകളിലൂടെ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്ലൈഹിക സിംഹാസനത്തിന്റെ നിർദ്ദേശപ്രകാരം സിനഡ് അംഗീകരിച്ചിട്ടുള്ള വിശുദ്ധ കുർബാനയർപ്പണ രീതി നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പുതിയ സർക്കുലർ 2022 ജനുവരി 23 ഞായറാഴ്ച പുറപ്പെടുവിക്കുമെന്ന് എറണാകുളം–അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തൻ വികാരി സിനഡിനെ അറിയിച്ചിട്ടുണ്ട്. ശ്ലൈഹിക സിംഹാസനത്തിന്റെ തീരുമാനങ്ങൾ അനുസരണയോടെ സ്വീകരിച്ച് നടപ്പിലാക്കുന്നത് കത്തോലിക്കാ പാരമ്പര്യത്തിന്റെ അനിവാര്യതയാണ്. പൗരസ്ത്യ സഭകൾക്കായുള്ള കാനൻ നിയമമനുസരിച്ച്

ആരാധനാക്രമപരമായ വിഷയങ്ങളിൽ സഭാ സിനഡിന്റെ തീരുമാനത്തിനു വിരുദ്ധമായ തീരുമാനമെടുക്കാൻ വ്യക്തികൾക്കോ രൂപതകൾക്കോ അവകാശമില്ല എന്ന യാഥാർത്ഥ്യം (CCEO 150 § 2) ഇത്തരുണത്തിൽ സ്മരണീയമാണ്. അനാവശ്യമായ നിർബന്ധ ബുദ്ധികൾ ഉപേക്ഷിച്ച് ശ്ലൈഹിക സിംഹാസനവും സഭാ സിനഡും നിർദ്ദേശിച്ചപ്രകാരം ഏകീകൃത ബലിയർപ്പണരീതി നടപ്പിലാക്കാൻ എല്ലാ വൈദികരോടും സന്യസ്തരോടും ദൈവജനത്തോടും സിനഡു പിതാക്കന്മാർ സ്നേഹപൂർവ്വം ആവശ്യപ്പെടുകയാണ്. നമ്മുടെ സഭയുടെ നന്മയെയും കൂട്ടായ്മയെയും ലക്ഷ്യമാക്കി ഇപ്രകാരമുള്ള അനുരഞ്ജനത്തിന് എല്ലാവരും തയ്യാറാകുമെന്ന് സിനഡ് പ്രത്യാശിക്കുന്നു. നമ്മുടെ വിശ്വാസത്തിന്റെ ഉറവിടമായ വിശുദ്ധ കുർബാനയുടെ അർപ്പണരീതിയിലെ അഭിപ്രായാന്തരം തെരുവുകലാപമാക്കി മാറ്റാൻ ശ്രമിക്കുന്ന സഭാവിരുദ്ധ ശക്തികളുടെ കെണിയിൽ വീഴാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. സീറോ മലബാർസഭയിലെ മെത്രാൻമാർ എവിടെ വിശുദ്ധ കുർബാന അർപ്പിച്ചാലും അത് സിനഡ് നിർദ്ദേശിച്ച ക്രമത്തിലായിരിക്കണമെന്നുള്ള തീരുമാനം കൃത്യമായി നടപ്പിലാക്കണമെന്നും അതിന് ആവശ്യമായ സൗകര്യങ്ങൾ ബന്ധപ്പെട്ട വികാരിയച്ചന്മാർ ദൈവാലയങ്ങളിൽ ഒരുക്കണമെന്നും സിനഡ് നിർദ്ദേശിക്കുന്നു.

സഭയെന്നത് മാനുഷികമായ സംവിധാനം മാത്രമല്ലെന്നും മിശിഹായുടെ മൗതിക ശരീരമാണെന്നും നാം ഓർമിക്കണം. സഭാ സിനഡിന്റെ തീരുമാനങ്ങളിലൂടെ പരിശുദ്ധാത്മാവിന്റെ ഹിതം വെളിപ്പെടുന്നു എന്നതാണു നമ്മുടെ വിശ്വാസം. സഭയുടെ ഐക്യത്തെ ലക്ഷ്യമാക്കി സിനഡ് എടുത്ത തീരുമാനം ബഹുഭൂരിഭാഗം രൂപതകളിലും സ്വീകരിക്കപ്പെട്ടു എന്നത് പ്രസ്തുത തീരുമാനത്തിനു പിന്നിലെ ദൈവഹിതമാണു വെളിപ്പെടുത്തുന്നത്. ഏകീകൃത കുർബാനയർപ്പണരീതി നടപ്പിലായാൽ ജപമാലയുൾപ്പെടെയുള്ള ഭക്താഭ്യാസങ്ങൾ നിർത്തലാക്കുമെന്നും തിരുസ്വരൂപങ്ങളും നൊവേനകളും തിരുനാളാഘോഷങ്ങളും നിരോധിക്കുമെന്നുമുള്ള അടിസ്ഥാനരഹിതമായ വ്യാജപ്രചാരണങ്ങൾ ആരെയും വഴിതെറ്റിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

## നിയമനങ്ങൾ


തലശ്ശേരി അതിരൂപതയുടെ പുതിയ മെത്രാപ്പോലീത്തയായി അവിടെ സഹായ–മെത്രാനായി ശുശ്രൂഷ ചെയ്യുന്ന മാർ ജോസഫ് പാംപ്ലാനിയെ സിനഡ് തെരഞ്ഞെടുത്തു. മാതൃകാപരമായ രീതിയിൽ നാളിതുവരെ തലശ്ശേരി അതിരൂപതയെ നയിച്ച അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ടു പിതാവിന്റെ മഹത്തായ സേവനങ്ങളെ സിനഡ് ആദരവോടെ അനുസ്മരിക്കുന്നു. കാൽനൂറ്റാണ്ടുകാലമായി പാലക്കാട് രൂപതയെ അഭിമാനകരമായി നയിച്ചുകൊണ്ടിരുന്ന ബിഷപ് മാർ ജേക്കബ് മനത്തോടത്ത് വിരമിക്കുന്ന ഒഴിവിലേക്ക് പ്രസ്തുത രൂപതയുടെ സഹായ മെത്രാനായി സേവനം ചെയ്യുന്ന മാർ പീറ്റർ കൊച്ചുപുരക്കലിനെ സിനഡു തെരഞ്ഞെടുത്തു. ഔദ്യോഗിക ശുശ്രൂഷയിൽ നിന്ന് വിരമിക്കുന്ന പിതാക്കന്മാർക്കും പുതിയ ശുശ്രൂഷാപദവികളിലേക്ക് നിയുക്തരായിരിക്കുന്ന പിതാക്കന്മാർക്കും എല്ലാ നന്മകളും ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

## അംഗീകാരം

തലശ്ശേരി അതിരൂപതാംഗവും ബൈബിൾ പണ്ഡിതനും കേരള സഭയിൽ ബൈബിളിനെ ജനകീയമാക്കാൻ അർപ്പണ മനോഭാവത്തോടെ അധ്വാനിക്കുകയും– ചെയ്ത ഫാ. മൈക്കിൾ കാരിമറ്റത്തിന് സഭയുടെ മല്പാൻ പദവി നൽകി ആദരിക്കാൻ സിനഡു തീരുമാനിച്ചു.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും സത്യവിശ്വാസം പകർന്നുതന്ന നമ്മുടെ പിതാവു മാർത്തോമാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും സവിശേഷമായ മാധ്യസ്ഥ്യം കൂട്ടായ്മയുടെ അരൂപിയിൽ നമ്മെ നയിക്കട്ടെ.

കാരുണ്യവാനായ കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!



**കർദിനാൾ ജോർജ് ആലഞ്ചേരി**

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

## സർക്കുലർ

05/03/2022

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരെ,

വലിയ നോമ്പിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുകയാണല്ലോ? പശ്ചാത്താപത്തിന്റെയും, മാനസാന്തരത്തിന്റെയും, ജീവിത നവീകരണത്തിന്റെയും സന്ദേശവുമായാണ് നോമ്പുകാലം വീണ്ടുമെത്തുന്നത്. നമ്മുടെ ആത്മീയ ജീവിതം നവീകരിക്കുവാനുള്ള ഈ അവസരത്തെ ഏറ്റവും ഫലപ്രദമായി ഉപയോഗിക്കാൻ നമുക്ക് പരിശ്രമിക്കാം. മനുഷ്യവംശത്തെ ഏറെ ദുരിതത്തിലാക്കി ഇനിയും അവസാനിച്ചിട്ടില്ലാത്ത കോവിഡ് പകർച്ചവ്യാധിയുടെയും, വീണ്ടുമൊരിക്കൽക്കൂടി അതിന്റെ ഭീഷണവും, ക്രൂരവുമായ മും വെളിപ്പെടുത്തുന്ന യുദ്ധത്തിന്റെയും, നമുക്കുചുറ്റും വളർന്നുവരുന്ന വർഗ്ഗീയ ധ്രൂവീകരണത്തിന്റെയും, രക്തച്ചൊരിച്ചിലിന്റെയും ഒക്കെ മധ്യത്തിലാണ് ഈ നോമ്പുകാലം കടന്നുവരുന്നത്. അതിനാൽത്തന്നെ, നമ്മുടെ ജീവിത നവീകരണത്തിനായി പരിശ്രമിക്കുന്നതിനൊപ്പം, നമ്മുടെ രാജ്യത്തിന്റെയും, ലോകം മുഴുവന്റെയും വിശുദ്ധീകരണത്തിനും, നവീകരണത്തിനും വേണ്ടി പ്രാർത്ഥിക്കുന്നതിനും, പരിഹാരമനുഷ്ടിക്കുന്നതിനും ഈ നോമ്പുകാലം നമ്മോട് ആവശ്യപ്പെടുന്നുണ്ട്.

ഈശോ തന്റെ പരസ്യജീവിതത്തിന് ഒരുക്കമായി ആത്മാവിനാൽ നയിക്കപ്പെട്ട് (മത്താ. 4:1) 40 ദിവസം മരുഭൂമിയിൽ പ്രാർത്ഥനയിലും ഉപവാസത്തിലും ചിലവഴിച്ചതിന്റെ ഓർമ്മയിലാണ് നാം വലിയ നോമ്പ്, അഥവാ 50 നോമ്പ് ആചരിക്കുന്നത്. സീറോമലബാർ ആരാധനക്രമമനുസരിച്ച് ഏഴ് ഞായറാഴ്ച്ചകളും, മൂന്ന് പെസഹാ ദിനങ്ങളും പ്രത്യേക ആചരണ ദിനങ്ങളായി കണക്കാക്കുന്നതിനാൽ ബാക്കിയുള്ള ദിനങ്ങൾ ഈ 40 ദിവസങ്ങളെ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ കർത്താവിന്റെ രക്ഷാകരപദ്ധതിയിലെ മർമ്മപ്രധാനമായ സംഭവങ്ങൾ

അനുസ്മരിക്കുകയും, ആചരിക്കുകയും ചെയ്യുന്ന പുണ്യദിനങ്ങളാണിവ. അതോടൊപ്പം, ജീവിതം നവീകരിക്കുന്നതിന്, എല്ലാം ഒന്ന് പുതുതായി ആരംഭിക്കുന്നതിന് ദൈവം തരുന്ന ഏറ്റവും നല്ല അവസരവുമാണിത്. നിരന്തരമായ പ്രാർത്ഥനയിലൂടെ, ഉപവാസത്തിലൂടെ പരീക്ഷണങ്ങളെ അതിജീവിച്ചാണ് ഈശോ, പിതാവ് ഏൽപിച്ച തന്റെ ദൗത്യനിർവ്വഹണത്തിന് തന്നെത്തന്നെ ഒരുക്കുന്നത്. നമ്മുടെ കർത്താവിനെ അനുകരിച്ച് പ്രാർത്ഥനയുടെയും, ഉപവാസത്തിന്റെയും, പരിത്യാഗത്തിന്റെയും, പരസ്നേഹത്തിന്റെയും വഴികളിലൂടെ നടന്ന് ജീവിതനവീകരണത്തിനു, ആത്മവിശുദ്ധീകരണത്തിനുമായി നമുക്കും പരിശ്രമിക്കാം.

തികഞ്ഞ പ്രത്യാശയോടും, ദൃഢ്നിശ്ചയത്തോടും കൂടിയാവണം നാം ഈ നോമ്പുകാലത്തിലൂടെ കടന്നുപോകുന്നത്: ദൈവത്തിന്റെ കൃപ യും, കാരുണ്യവും നമ്മെ സ്പർശിക്കുമന്ന പ്രത്യാശ, അതോടൊപ്പം നമ്മുടെ ധാർമ്മികതയിലും, ആത്മീയ ജീവിതത്തിലും നവീകരണം വരുത്തുമെന്നുള്ള ദൃഢ്നിശ്ചയം. ഒരിക്കലും വറ്റാത്ത ദൈവത്തിന്റെ കരുണയുടെ നീർച്ചാൽ ഏറ്റവും ശക്തമായി നമ്മുടെ ഹൃദയങ്ങളിലേ യ്ക്കൊഴുകുന്ന സമയമാകട്ടെ ഈ നോമ്പുകാലം. 'നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ ദൈവമേ എന്റെ ഹൃദയം അങ്ങയെ തേടുന്നു. എന്റെ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു' (സങ്കീ. 42: 1–2) എന്ന സങ്കീർത്തകന്റെ മനോഭാവം നമുക്കും സ്വന്തമാക്കാം. ആത്മാവിലും, ശരീരത്തിലും ശുദ്ധീകരിക്കപ്പെട്ട് പുതിയ മനുഷ്യരായി മാറാം.

നമ്മുടെ കുർബ്ബാനക്രമം നമ്മെ പഠിപ്പിക്കുന്നതുപോലെ, യഥാർത്ഥമായ പ്രാർത്ഥനാ ചൈതന്യവും, സഹോദരസ്നേഹവും, ആത്മപരിത്യാഗവും പുലർത്തിക്കൊണ്ടു മാത്രമേ നമുക്ക് ഈ നോമ്പു കാലം ഫലപ്രദമാക്കി മാറ്റുവാനാകൂ. അവിശ്വാസിയായ ഒരു മനുഷ്യന് ഒരു പക്ഷെ, പ്രാർത്ഥന നിരർത്ഥകമായ ഒരു സമയ നഷ്ടമായി ത്തോന്നാം. പക്ഷെ, വിശ്വാസികളായ നമ്മെ സംബന്ധിച്ചിടത്തോളം, പ്രാർത്ഥന നമ്മുടെ ആത്മീയജീവിതത്തിന്റെ ജീവശ്വാസം തന്നെയാണ്.

നമ്മെ സൃഷ്ടിച്ച് പരിപാലിക്കുന്ന, നമ്മുടെ എല്ലാ കാര്യങ്ങളുമറിയുന്ന, നമ്മെ സ്നേഹിക്കുന്ന, സർവ്വോപരി കരുണാസമ്പന്നനും, ദയാനിധിയുമായിരിക്കുന്ന ദൈവത്തോട് നമ്മെ ബന്ധപ്പെടുത്തുന്ന പ്രവൃത്തിയാണ് പ്രാർത്ഥന. ഈ നോമ്പുകാലം നമുക്ക് തീക്ഷ്ണമായ പ്രാർത്ഥനയുടെ ദിനങ്ങളാകട്ടെ. വിശുദ്ധകുർബ്ബാനയിൽ സജീവമായി പങ്കുകൊണ്ടുകൊണ്ടും, ജപമാല, കുരിശിന്റെ വഴി തുടങ്ങിയ പരമ്പരാഗത പ്രാർത്ഥനകൾ കൂടുതൽ ഭക്തിപൂർവ്വം അർപ്പിച്ചുകൊണ്ടും, ഒപ്പം വ്യക്തിപരമായ പ്രാർത്ഥനയിലൂടെയും ദൈവവുമായുള്ള ബന്ധത്തിൽ ആഴപ്പെടുവാൻ ഈ ദിനങ്ങളിൽ നമുക്ക് പരിശ്രമിക്കാം. പരിശുദ്ധപിതാവ് ഫ്രാൻസീസ് മാർപ്പാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നതുപോലെ, നമ്മെ ശ്രവിച്ചും, നമ്മോട് കരുണകാട്ടിയും മടുക്കാത്ത ദൈവത്തോട് പ്രാർത്ഥിക്കുന്നതിൽ നമുക്കും ഒരിക്കലും മടുപ്പ് തോന്നാതിരിക്കട്ടെ! നമ്മുടെ പ്രാർത്ഥനയിൽ വിശുദ്ധഗ്രന്ഥ വായനയ്ക്ക് പ്രത്യേക സ്ഥാനം കൊടുക്കാം. ദൈവവചനത്തിലൂടെ ദൈവം തന്നെയാണ് നമ്മോട് നേരിട്ട് സംസാരിക്കുന്നത് എന്നു മനസ്സിലാക്കി, തിരുവചന വായനക്കും ധ്യാനത്തിനും കൂടുതൽ സമയം കണ്ടെത്താം. ഇടവകപ്പള്ളികളിലും മറ്റും ക്രമീകരിക്കുന്ന ജീവിതനവീകരണ ധ്യാനങ്ങളിൽ ആത്മാർത്ഥതയോടെ എല്ലാവരും പങ്കുചേരണമെന്നു സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

നോമ്പുകാലം ആത്മീയ സമരത്തിന്റെ കാലമാണ്. പരിത്യാഗത്തിന്റെയും, സ്വയം നിഗ്രഹത്തിന്റെയും ജീവിതശൈലിക്ക് ആത്മീയജീവിതത്തിൽ വലിയ പ്രാധാന്യമുണ്ട്. 'ജഡ്ഠത്തിന്റെ പ്രവൃത്തികളെ ആത്മാവിൽ നിഹനിക്കുകയാണെങ്കിൽ നിങ്ങൾ ജീവിക്കും' (റോമ 8:13). നമ്മുടെ ജീവിതവിജയത്തിനായി ഉപവാസം, മാംസവർജ്ജനം തുടങ്ങിയ സ്വയം നിഗ്രഹ പ്രവൃത്തികൾ തിരുസ്സഭ നൽകിയിരിക്കുന്നു. ദൈവവുമായി ഐക്യപ്പെടാനും, സ്വയം വിശുദ്ധീകരണം സാധിക്കുവാനും, സ്വയം നിഗ്രഹം ആവശ്യമാണ്. നോമ്പിന്റെ ചൈതന്യത്തിനു ചേർന്ന ജീവിതക്രമം നമ്മുടെ കുടുംബങ്ങളുടെ പാരമ്പര്യമാണ്. ആ പാരമ്പര്യങ്ങളെ താൽപര്യപൂർവ്വം പിന്തുടരുവാൻ ഞാൻ നിങ്ങളെ സ്നേഹപൂർവ്വം ഓർമ്മി

പ്പിക്കുന്നു. മാറിയ കാലത്തിൽ ഉപവാസത്തിനും, മാംസവർജ്ജനത്തിനുമൊക്കെ പ്രാധാന്യം നഷ്ടപ്പെട്ടിട്ടുണ്ട്. വെള്ളിയാഴ്ചകളിൽപ്പോലും മാംസം ഭക്ഷിക്കുന്നത് വലിയ കാര്യമല്ല എന്ന രീതിയിലേയ്ക്ക് ചിലരെങ്കിലും മാറിയിട്ടുണ്ട്. ലോകത്തോടുള്ള അമിത മമത കുറയ്ക്കാനും, ആത്മനിയന്ത്രണം വളർത്താനുമൊക്കെ മാംസവർജ്ജനവും, ഉപവാസവും സഹായിക്കും. നോമ്പിലെ ഭക്ഷണ നിയന്ത്രണത്തിന് എല്ലാവരും പ്രാധാന്യം കൊടുക്കണം.

യഥാർത്ഥമായ നോമ്പ് എന്നത് കേവലം ചില ഭക്ഷണപദാർത്ഥങ്ങളുടെ ത്യജിക്കൽ മാത്രമല്ല, മറിച്ച് പാപത്തെയും, പാപസാഹചര്യങ്ങളേയും ത്യജിക്കുക എന്നതുകൂടിയാണ്. നമ്മുടെ ആത്മീയ ജീവിതത്തെ ദുർബലപ്പെടുത്തുകയും, നശിപ്പിക്കുകയും ചെയ്യുന്നരീതിയിൽ നമ്മെ ഗ്രസിച്ചിരിക്കുന്ന തിന്മയുടെ ശക്തികളെയും, തഴക്കദോഷങ്ങളെയും, സ്വഭാവ ദൂഷ്യങ്ങളെയും തിരിച്ചറിയുന്നതിനും, പരിഹരിക്കുന്നതിനും നമുക്ക് കഴിയണം. പാപത്തിന്റെ അടിമകളായ നമുക്ക് പാപബന്ധനത്തിൽ നിന്ന് സ്വയമേവ രക്ഷപ്പെടുക ഒരു പക്ഷേ അസാദ്ധ്യമായിരിക്കാം. ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല എന്നു തിരിച്ചറിഞ്ഞ് അവിടുത്തെ കരുണയ്ക്കായി പ്രാർത്ഥിക്കാം. വിശുദ്ധ കൂദാശകളിലൂടെ, പ്രത്യേകിച്ച് വിശുദ്ധ കുമ്പസാരത്തിലൂടെയും, വിശുദ്ധ കുർബ്ബാനയിലൂടെയും നമ്മുടെ ആത്മീയജീവിതത്തെ ശക്തിപ്പെടുത്തുവാൻ പരിശ്രമിക്കാം. ആത്മാർത്ഥതയോടെയുള്ള കുമ്പസാരത്തിൽ നമ്മുടെ പാപങ്ങൾ ക്ഷമിക്കപ്പെടുക മാത്രമല്ല, അതോടൊപ്പം പാപസാഹചര്യങ്ങളെ ചെറുക്കുന്നതിനുള്ള കൃപയും നമുക്ക് നൽകപ്പെടുന്നു. 'നിങ്ങളുടെ ദൈവമായ കർത്താവിങ്കലേക്ക് മടങ്ങുവിൻ. എന്തെന്നാൽ അവിടുന്ന് ഉദാരമതിയും, കാരുണ്യവാനും ക്ഷമാശീലനും, സ്നേഹസമ്പന്നനുമാണ്' (ജോയേൽ 2:13) എന്ന ജോയേൽ പ്രവാചകന്റെ വാക്കുകൾ നമ്മെ ശക്തിപ്പെടുത്തട്ടെ.


പ്രാർത്ഥനയോടും ഉപവാസത്തോടുമൊപ്പം, പരസ്നേഹ

പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകേണ്ട സമയമാണ് നോമ്പുകാലം. ക്രിസ്തീയജീവിതത്തിന്റെ മുമുദ്രയാണ് പരസ്നേഹപ്രവൃത്തികൾ. ഒപ്പം അത് നമ്മുടെ നിരവധിയായ പാപങ്ങൾക്ക് പരിഹാരവുമാകുന്നു. 'ജലം അഗ്നിയെ കെടുത്തുന്നതുപോലെ പരസ്നേഹപ്രവൃത്തികൾ നമ്മുടെ പാപങ്ങളെ പരിഹരിക്കുന്നു' (പ്രഭാ. 3:29). നാം ചെയ്യുന്ന ഏതൊരു നന്മ പ്രവൃത്തിയും പരസ്നേഹപ്രവൃത്തി തന്നെയാണ്. മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്യുക എന്നതുതന്നെയാണ് പരസ്നേഹപ്രവൃത്തിയുടെ കാതൽ. ക്രിസ്തീയത ഏറ്റം തീക്ഷ്ണമായി ജീവിക്കേണ്ട ഈ നോമ്പുകാലത്ത് നമുക്ക് സഹോദരസ്നേഹത്തിന്റെ പ്രവൃത്തികളിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിക്കാം. മനസ്സു തകർന്നിരിക്കുന്നവരെ ക്ഷമയോടെ കേൾക്കുന്നതിനും, നിരാശയിൽ കഴിയുന്നവർക്ക് പ്രത്യാശ പകരുന്നതിനും, ഏകാന്തത അനുഭവിക്കുന്നവരുടെകൂടെ സമയം ചിലവഴിക്കുന്നതിനും, ഭയപ്പെട്ടുകഴിയുന്നവരെ ധൈര്യപ്പെടുത്തുന്നതിനും, രോഗികളെ സന്ദർശിക്കുന്നതിനും, പ്രായമായവരെ സഹായിക്കുന്നതിനും എല്ലാം നമുക്ക് മനസ്സുണ്ടാവട്ടെ, സമയമുണ്ടാകട്ടെ. എല്ലാ തിന്മകളുടെയും അടിസ്ഥാനമായ സ്വാർത്ഥതയിൽനിന്ന് പുറത്തു കടക്കുവാൻ സഹോദരസ്നേഹത്തിന്റെ പ്രവൃത്തികൾ നമ്മെ സഹായിക്കും.

പ്രിയ സഹോദരീസഹോദരന്മാരെ, ഈശോമിശിഹാ പീഡകൾ സഹിച്ച് കുരിശിൽ മരിച്ചതും, ഉയിർത്തെണീറ്റതും നമ്മെ പുതിയ സൃഷ്ടികളാക്കുന്നതിനുവേണ്ടിയാണ്. വിശുദ്ധ പൗലോസ് ശ്ലീഹാ പറയുന്നു: 'അതിനാൽ ഇപ്പോൾ മുതൽ ഞങ്ങൾ ആരെയും മാനുഷികമായ കാഴ്ച്ചപ്പാടിൽ വീക്ഷിക്കുന്നില്ല. ക്രിസ്തുവിൽ ആയിരിക്കുന്നവൻ പുതിയ സൃഷ്ടിയാണ്. പഴയത് കടന്നുപോയി, ഇതാ പുതിയത് വന്നു കഴിഞ്ഞു' (2 കൊറി. 5:16–17). നോമ്പുകാലം നമ്മിലെ തിന്മനിറഞ്ഞ പഴയ മനുഷ്യനെ ഉരിഞ്ഞുമാറ്റി, ക്രിസ്തുവിൽ നവീകരിക്കപ്പെട്ട പുതിയ മനുഷ്യനെധരിക്കുന്നതിനുള്ള സമയമാണ്. നമ്മിൽ ചിലർക്കെങ്കിലും ഇതു ഒരു പക്ഷെ, ജീവിതത്തിലെ അവസാനത്തെ നോമ്പുകാലമാകാം.

മറ്റുള്ളവർക്ക് ഇനിയുമേറെ നോമ്പുകാലങ്ങൾ ലഭിച്ചു എന്നു വരാം. പക്ഷെ, ശരിയായ കാര്യങ്ങൾ ചെയ്യുവാൻ, തെറ്റായ കാര്യങ്ങൾക്ക് മാറ്റം വരുത്തുവാൻ നാം എന്തിന് കാത്തിരിക്കണം? ദൈവം തരുന്ന ഈ അനുഗൃഹീത ദിനങ്ങൾ നമുക്ക് ഉപയോഗപ്പെടുത്താം. യഥാർത്ഥമായ പ്രാർത്ഥനയിലൂടെ, ആത്മാർത്ഥമായ പശ്ചാത്താപത്തിലൂടെ, പരിത്യാഗ പ്രവൃത്തികളിലൂടെ, കറകളഞ്ഞ പരസ്നേഹപ്രവർത്തനങ്ങളിലൂടെ ഈ നോമ്പുകാലം ഏറ്റം ഫലപ്രദമാക്കി മാറ്റുവാൻ നമുക്ക് കഴിയട്ടെ! അങ്ങനെ, ഉത്ഥിതനായ ഈശോയിൽ നവീകരിക്കപ്പെട്ട പുതിയ സൃഷ്ടി കളായിത്തീരുന്നതിനും, എന്നും നന്മയിൽ മുന്നേറുന്നതിനും ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

ഈശോയിൽ സ്നേഹപൂർവ്വം,



**മാർ ജോസഫ് അരുമച്ചാടത്ത്**

ഭദ്രാവതി രൂപതയുടെ മെത്രാൻ

Dear Brother,

Nearly a month has passed since the outbreak of the war in Ukraine that is daily inflicting immense suffering upon its sorely tried people and threatening world peace. At this dark hour, the Church is urgently called to intercede before the Prince of Peace and to demonstrate her closeness to those directly affected by the conflict. I am grateful to the many people who have responded with great generosity to my appeals for prayer, fasting and charity.

Now, also in response to numerous requests by the People of God, I wish in a special way to entrust the nations at war to the Blessed Virgin Mary. As I announced yesterday at the conclusion of the Angelus prayer, on 25 March, the Solemnity of the Annunciation, I intend to carry out a solemn Act of Consecration of humanity, and Russia and Ukraine in particular, to the Immaculate Heart of Mary. Since it is fitting that we should invoke peace with hearts renewed by God's forgiveness, the Act of Consecration will take place in the context of a Celebration of Penance to be held in Saint Peter's Basilica at 5:00 p.m., Rome time. The Act itself will take place about 6:30 p.m.

This Act of Consecration is meant to be a gesture of the universal Church, which in this dramatic moment lifts up to God, through his Mother and ours, the cry of pain of all those who suffer and implore an end to the violence, and to entrust the future of our human family to the Queen of Peace. I ask you to join in this Act by inviting the priests, religious and faithful to assemble in their churches and places of prayer on 25 March, so that God's Holy People may raise a heartfelt and choral plea to Mary our Mother. I am sending you the text of the prayer of consecration, so that all of us can recite it throughout that day, in fraternal union.

I thank you for the attention you will give to this request and for your ready cooperation. With great affection, I bless you and the faithful entrusted to your pastoral care. May Jesus protect you and the Holy Virgin watch over you. I ask you, please, also to pray for me.

Fraternally,

Franciscus

From Saint John Lateran, 21 March 2022

# CIRCULAR

C2/2022 24 March 2022

To,

All the parish priests

**Sub: Act of Consecration of Russia and Ukraine to the Immaculate Heart of Mary**

Dear Fathers,

Greetings!

As it was already conveyed to you, Holy Father Pope Francis invites all of us to join him in consecrating the whole humanity, especially Russia and Ukraine, to the Immaculate Heart of Mary on 25th March 2022 at 09.30 p.m. (Indian time), the Feast of Annunciation. The Vatican has sent us a personal letter from the Holy Father and also the prayer to be followed in this act of consecration. I am forwarding them to you. Let us earnestly join the Holy Father in praying for peace in the world, especially in Ukraine! In this regard I would request you to organize a prayer service in your respective parish tomorrow with the participation of the religious and lay faithful (who are willing to come at this late hour) beginning at 09.00 p.m. and ending with the prayer of consecration.

Thanking you for your cooperation and invoking God's blessings on you,

**+Joseph Arumachadath**

Bishop of Bhadravathi

# രൂപതാകച്ചേരി വാർത്തകൾ

**മാക്കോട് ദേവാലയ കൂദാശ**

മാക്കോട് പുതുതായി പണികഴിച്ച വി. സെബസ്ത്യാനോസിന്റെ നാമദേയത്തിലുള്ള ഇടവക ദേവലയത്തിന്റെ കൂദാശാകർമ്മം 2022 ഫെബ്രുവരി 17–ാം തിയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് അഭിവന്ദ്യ മാർ ജോസഫ് അരുമച്ചാടത്ത് പിതാവ് നിർവ്വഹിച്ചു. മാനന്തവാടി നോർബെർട്ടൈൻ പ്രിയോർ വെരി. റവ. ഫാദർ വിൻസന്റ് മറ്റമ്മേലും, നോർബെർട്ടൈൻ സഭാംഗങ്ങളും, രൂപതാംഗങ്ങളുമടങ്ങിയ നിരവധി വൈദീകരും, സന്യസ്തരും, അത്മായ വിശ്വാസികളും തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു. കൂദാശകർമ്മങ്ങൾക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ ഷിമോഗ രൂപതാ ബിഷപ്, അഭിവന്ദ്യ ഫ്രാൻസീസ് സെറാവോ പിതാവ് മുഖ്യാതിഥിയായ പങ്കെടുത്തു. മനോഹരമായ ഈ ദേവാലയ ത്തിന്റെ നിർമ്മാണത്തിന് നേതൃത്വം നൽകിയ ബഹു. ക്ലീറ്റസ് തേരകമച്ചനും, ഇടവകക്കാർക്കും അഭിനന്ദനങ്ങൾ!

**ആദരാഞ്ജലികൾ**

എൻ. ആർ. പുര ലിറ്റിൽ ഫ്ളവർ കത്തീദ്രൽ വികാരി, പെരി. ബഹു. തോമസ് കുളത്തിങ്കലച്ചന്റെ പ്രിയ മാതാവ്, ശ്രീമതി അന്നമ്മ തോമസ് കുളത്തിങ്കൽ (96) 2022 ഫെബ്രുവരി 26–ന് ശനിയാഴ്ച്ച രാത്രി 10.30 ന് മരണമടഞ്ഞു. 27–ാം തിയതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 4.30–ന് ഇരട്ടയാർ സെന്റ് തോമസ് ഫൊറോന ദേവാലയത്തിൽ നടന്ന മൃതസംസ്കാര ശുശ്രൂഷകളിൽ അഭിവന്ദ്യ പിതാവ് മുഖ്യകാർമ്മികത്വം വഹിച്ചു. തോമസച്ചന്റെ പ്രിയമാതാവിന് രൂപതാ കുടുംബത്തിന്റെ ആദരാഞ്ജലി കൾ!

**പാസ്റ്ററൽ കൗൺസിൽ**

5–ാം പാസ്റ്ററൽ കൗൺസിലിന്റെ 3–ാമത് യോഗം 2022 മാർച്ച് 19–ാം തിയതി ബോധന പാസ്റ്ററൽ സെന്ററിൽ നടന്നു. 10.30–ന് ബഹു. കുരി യാക്കോസ് മീമ്പുഴയച്ചൻ നയിച്ച പ്രാർത്ഥനയോടെ യോഗം ആരംഭിച്ചു.

രൂപതാ ചാൻസിലർ ബഹു. തോമസ് വെള്ളാരംകാലായിൽ അച്ചൻ യോഗത്തിലേയ്ക്ക് എല്ലാവരേയും സ്വാഗതം ചെയ്തു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിമി. ജോമി മാത്യു മുൻയോഗത്തിന്റെ മിനിറ്റ്സ് അവതരിപ്പിച്ചു, പാസ്സാക്കി. 2023–ൽ റോമിൽ വച്ച് നടക്കുന്ന സിനഡിന്റെ വിഷയമായ, 'ഒരു സിനഡൽ സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേക്ഷിതത്വം'' എന്ന വിഷയത്തെ ആസ്പതമാക്കിയുള്ള ചർച്ചകളായി രുന്നു യോഗത്തിന്റെ പ്രധാന അജണ്ട. ഇടവകകളിൽ ഈ വിഷയത്തെ സംബന്ധിച്ച് നടന്ന ചർച്ചകളുടെ സംക്ഷിപ്ത റിപ്പോർട്ട് ബഹു. ജോർജ് പേട്ടയിൽ അച്ചൻ അവതരിപ്പിച്ചു. റോമിൽ നിന്ന് നൽകിയിരുന്ന 10 വി ഷയങ്ങളും കേന്ദ്രീകരിച്ച് വളരെ ക്രിയാത്മകമായ ചർച്ചകൾ നടന്നു. തത്ഫലമായി, കാക്കനാട് സീറോ–മലബാർ സഭാ കേന്ദ്രത്തിലേയ്ക്ക് നൽകുവാൻ വളരെ ഫലപ്രദമായ ഒരു റിപ്പോർട്ട് രൂപീകരിക്കുവാൻ യോഗത്തിന് കഴിഞ്ഞു.

തുടർന്ന്, അന്തർദ്ദേശീയ തലത്തിൽ ഈ വർഷത്തെ ഏറ്റവും നല്ല കുരുമുളക് കർഷകനുള്ള International Peper Community യുടെ അവാർഡ് നേടിയ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ ജോമി മത്യൂ ചെറുകാട്ട്, ദേശീയതലത്തിൽ. Steel Authority of India യുടെ Role Model അവാർഡ് നേടിയ പാസ്റ്ററൽ കൗൺസിൽ അംഗം ശ്രീ. നിധിൻ കണ്ണേഴത്ത് എന്നിവരെ യോഗം ആദരിക്കുകയും, അനുമോദിക്കുകയും ചെയ്തു. അതോടൊപ്പം, കഴിഞ്ഞ രണ്ടു വർഷങ്ങളിൽ വിശ്വാസ പരി ശീലന ക്ലാസ്സുകളിൽ ഏറ്റം കൂടുതൽ മാർക്ക് വാങ്ങിയ കുട്ടികൾക്കുള്ള ക്യാഷ് അവാർഡുകളും യോഗത്തിൽ വിതരണം ചെയ്തു. വി. യൗ സേപ്പുപിതാവിന്റെ തിരുന്നാൾ ദിനമായിരുന്നതിനാൽ അഭിവന്ദ്യ പിതാവി നും, ജോസഫ് നാമധാരികളായ മറ്റെല്ലാവർക്കും തിരുന്നാൾ മംഗളങ്ങൾ നേർന്നു.

അഭിവന്ദ്യ പിതാവ് തന്റെ ഉപസംഹാര സന്ദേശത്തിൽ സിനഡി നൊരുക്കമായുള്ള ചർച്ചകളിൽ ക്രിയാത്മകമായി സഹകരിച്ച എല്ലാവർക്കും, ഇടവകകളിൽ നടന്ന ചർച്ചാഫലങ്ങൾ ക്രോഡീകരിച്ച, ബഹു. ജോർജ് പേട്ടയിലച്ചന്റെ നേതൃത്വത്തിലുള്ള കമ്മറ്റിയംഗങ്ങൾക്കും

നന്ദി പറഞ്ഞു. സഭ ഒരു കുടുംബമാണെന്നും, ഇവിടെ എല്ലാവരും ഒരേ പിതാവിന്റെ മക്കളെന്ന നിലയിൽ പരസ്പരം സ്നേഹിച്ചും, സഹായിച്ചും, ശക്തിപ്പെടുത്തിയും ഒരേ ലക്ഷ്യത്തിലേയ്ക്ക് ഒരുമിച്ചു യാത്ര ചെയ്യുന്ന ഒരു സമൂഹമായി മാറുക എന്നതാണ് സിനെഡാലിറ്റി എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്നും പിതാവ് അനുസ്മരിപ്പിച്ചു. കുടുംബ വർഷാചരണത്തിന്റെ പശ്ചാത്തലത്തിൽ രൂപതയിലെ സാമ്പത്തീകമായി ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങളെ സഹായിക്കുന്നതിനുള്ള രണ്ട് പദ്ധതികളും പിതാവ് പ്രഖ്യാപിച്ചു: 1) ഭദ്രാവതി രൂപതയിൽ നാലോ അതിൽക്കൂടുതലോ കുട്ടികളുള്ള കുടുംബങ്ങൾക്ക്, കുട്ടികളുടെ പഠനസഹായമായി നാലാമത്തെ കുട്ടി മുതൽ അവരുടെ +2 പഠനം തീരുന്നതു വരെ എല്ലാവർഷവും 10,000/– രൂപവീതം നൽകും; 2) രൂപതയിലെ ഇടവകകളിൽ നിന്നും തിരഞ്ഞെടുക്കുന്ന സമ്പത്തീകമായി ഏറ്റം പിന്നോക്കാവസ്ഥയിലുള്ള 40 പെൺകുട്ടികൾക്ക് അവരുടെ പഠനത്തിനാവശ്യമായ പഠന സാമഗ്രികളും മറ്റും നൽകിസഹായിക്കും.

രൂപതാ പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി മിസ്സിസ് റോസലിൻ കുഴുപ്പിള്ളിൽ മീറ്റിംഗിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി പറഞ്ഞു. ഉച്ചയ്ക്ക് ഒരു മണിയോടെ യോഗം സമാപിച്ചു.

**അഭിവന്ദ്യപിതാക്കന്മാരുടെ സന്ദർശനം**

ഷിമോഗയിൽവച്ചു നടന്ന വാർഷിക ധ്യാനത്തിനുശേഷം, ബാംഗ്ലൂർ ആർച്ചുബിഷപ്പ് അഭിവന്ദ്യ പീറ്റർ മച്ചാഡൊ പിതാവിന്റെ നേതൃത്വത്തിൽ കർണ്ണാടകത്തിലെ എല്ലാ ബിഷപ്പുമാരുമൊരുമിച്ച് ബോധന പാസ്റ്ററൽ സെന്റർ സന്ദർശിച്ചു. ഏതാനും സമയം ഇവിടെ ചിലവഴിച്ച അവർ ഉച്ചഭക്ഷണത്തിനുശേഷമാണ് മടങ്ങിയത്.

**സെന്റ് ജോസഫ് പബ്ലിക് സ്കൂൾ, എൻ. ആർ. പുര**

എൻ. ആർ. പുരയിൽ പ്രവർത്തിച്ചുവരുന്ന സെന്റ് ജോസഫ് പബ്ലിക് സ്കൂളിനുവേണ്ടിയുള്ള പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം 2022 മാർച്ച് 31–ം തിയതി അഭിവന്ദ്യ പിതാവ് നിർവ്വഹിച്ചു. തദവസരത്തിൽ, സ്കൂൾ മാനേജർ ബഹു. ഫാ. തോമസ് കുളത്തിങ്കൽ,

സ്കൂൾ പ്രിൻസിപ്പൽ ബഹു. ഫാ. സജീഷ് തൃക്കോടന്മാലിൽ, സ്റ്റാഫ് അംഗങ്ങൾ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**എസ്. ഡി. സിസ്റ്റേഴ്സിന്സ്വാഗതം**

ഭദ്രാവതി, ജെഡിക്കട്ടെയിൽ പുതുതായി ആരംഭിച്ച എസ്. ഡി. സിസ്റ്റേഴ്സിന്റെ ഭവനം 2022 മാർച്ച് 31–ാം തിയതി അഭിവന്ദ്യ പിതാവ് ആശീർവദിച്ചു. രൂപതയിൽ സേവനത്തിനായി കടന്നുവന്നിരിക്കുന്ന എസ്. ഡി. സന്യാസിനീ സമൂഹത്തിന് ഹൃദ്യമായസ്വാഗതം!

## വൈദീകസമ്മേളനം, സൈത്ത്വെഞ്ചരിപ്പ്

രൂപതാ വൈദീക സമ്മേളനം 2022 ഏപ്രിൽ 12 ചൊവ്വാഴ്ച രാവിലെ 10.00 മണിക്ക് ബോധന പാസ്റ്ററൽ സെന്ററിൽ ആരംഭിക്കും. തുടർന്ന്, ഉച്ചകഴിഞ്ഞ് 02.30–ന് ബോധന ചാപ്പലിൽവച്ച് വിശുദ്ധ കുർബ്ബനയും, സൈത്ത് വെഞ്ചരിപ്പും.

## വാർഷിക പൊതുയോഗം

2021–2022 വർഷത്തെ കണക്കുകൾ, 2022–2023 വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് എന്നിവ അവതരിപ്പിക്കുന്നതിനും, 2022–2023 വർഷത്തേയ്ക്കുള്ള കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള വാർഷിക പൊതുയോഗം നമ്മുടെ എല്ലാ ഇടവകകളിലും 2022 മെയ് 01–നോ, അതിനു മുൻപുള്ള ഞായറാഴ്ച്ചയോ ചേരേണ്ടതാണ്. പൊതുയോഗത്തിന്റെ നടത്തിപ്പ്, കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് എന്നിവയിൽ പള്ളിയോഗ നടപടിക്രമങ്ങൾ (രൂപതാ നിയമാവലി പേജ് 139–143) പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക. കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് പൂർത്തിയാക്കി അവരുടെ പേരുവിവരവും, പൊതുയോഗം പാസ്സാക്കിയ വാർഷിക തിരട്ടും, ബഡ്ജറ്റും, തിരട്ടുബുക്കിലും, തിരട്ടുഫോമിലും എഴുതി രൂപതാ കേന്ദ്രത്തിൽ നൽകേണ്ടതാണ്. രൂപതാ കേന്ദ്രത്തിൽ നിന്നും അംഗീകാരം ലഭിച്ചതിനുശേഷം മാത്രമാണ് പുതിയ കൈക്കാരന്മാർ സ്ഥാനമേൽക്കേണ്ടത് (രൂപതാ നിയമാവലി, പേജ് 175–178). പ്രത്യേകം ശ്രദ്ധിക്കുക, പ്രതിനിധിയോഗത്തിന്റെ (പാരീഷ് കൗൺസിൽ) കാലാവധി മൂന്നു വർഷമായതിനാൽ ഈ വർഷം തിരഞ്ഞെടുപ്പ് നടത്തേണ്ടതില്ല.

**ഓഡിറ്റിംഗ്**

2021–2022 സാമ്പത്തിക വർഷത്തെ നമ്മുടെ എല്ലാ പള്ളികളുടേയും, സ്ഥാപനങ്ങളുടേയും കണക്കുകൾ രൂപതാ കേന്ദ്രത്തിൽ നിന്നും 2022 മെയ് 09, 10, 11 തിയതികളിൽ യഥാക്രമം എൻ.ആർ. പുര, സാഗർ, ഷിമോഗ എന്നിവിടങ്ങളിൽവച്ച് ഓഡിറ്റ് ചെയ്യുന്നതാണ്. താഴെപ്പറയുന്ന രേഖകളുമായി നിർദ്ദേശിച്ചിരിക്കുന്ന സമയത്ത ്ബഹു. വികാരിയച്ചന്മാർ ഇടവക സെക്രട്ടറിമാരുമൊത്ത് (കണക്കൻ) ഓഡിറ്റിംഗിനുവരേണ്ടതാണ്. ട്രസ്റ്റുകളായി രജിസ്റ്റർ ചെയ്തിട്ടുള്ളതും, 12 കന്റസർട്ടിഫിക്കറ്റ് ഉള്ളതുമായ പള്ളികൾക്ക് ചാർട്ടേട് അക്കൗണ്ടന്റ് നടത്തേണ്ട ഓഡിറ്റിംഗിന് പകരമാവില്ല ഈ ഓഡിറ്റിംഗ് എന്ന് പ്രത്യേകം ഓർക്കുക. ഓഡിറ്റിംഗിനുവരുമ്പോൾ കൊണ്ടുവരേണ്ടരേകൾ:

1. The Minutes of the Pothuyogam (original and copy), the Annual Statement of Accounts of 2021-2022 (**വാർഷിക** book and sheet), and Budget for the year 2022-2023
2. Journal and Ledger with Bills and Vouchers
3. Accounts of the Institutions (if any)
4. Accounts of the Diocesan Farms
5. Updated Bank Passbooks and Cheque Books
6. FD Receipts (if any)

**09 May 2022: N. R. Pura, Little Flower Cathedral**

| | | |
|---|---|---|
| 09.30 am | : | N. R. Pura |
| 10.30 “ | : | Gorigundi |
| 11.30 “ | : | Balehonnur |
| 12.00 noon | : | Chettikudige |
| 02.00 pm | : | Varkatte |
| 02.30 “ | : | Makkod |
| 03.30 “ | : | Koppa |
| 04.00 “ | : | Muthinakoppa&Mallandur |
| 04.30 “ | : | Shettikoppa |

**10 May 2022: Sagar, St. Thomas Church**

| | | |
|---|---|---|
| 09.30 am | : | Sagar, Joga&Kargal |
| 10.30 " | : | Ripponpet |
| 11.30 " | : | Nagavally |
| 12.00 noon | : | Bhatkal &Utharakoppa |
| 02.00 pm | : | Iduvally |
| 03.00 " | : | Hosur (Induvally) |
| 03.30 " | : | Anavatty |
| 04.00 " | : | Anandapuram |

**11 May 2022: Shimoga, St. Joseph Forane Church**

| | | |
|---|---|---|
| 09.30 am | : | Bhadravathi |
| 10.30 " | : | Davangere |
| 11.30 " | : | Holehonnur |
| 12.00 noon | : | Masthikatte |
| 02.00 pm | : | Umblebylu |
| 02.30 " | : | Shimoga |

**കൈക്കാരന്മാരുടെ പരിശീലനം**

